II ഇ.ബി.XIV-കേരള നിയമസഭ/IV-3

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മാർച്ച് 1, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

7 (*61&86) ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 11-02-2017 മുതൽ പാലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ മിൽമയുടെ ഭരണ സമിതി തീരുമാനിക്കുകയും കൊഴുപ്പും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുമടങ്ങിയ പാലിന് ലിറ്ററൊന്നിന് യഥാക്രമം 3.35, 4.02 രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാലിത്തീറ്റയുടെ വിലവർദ്ധനവുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായും

മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ ലാഭവിഹിതത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. ഉരുക്കൾക്കാവശ്യമായ ധാതുലവണ മിശ്രിതവും വൈറ്റമിൻ സപ്ലിമെന്റുകളും സംഘം മുഖേനയാണ് നൽകുന്നത്. കാലിത്തീറ്റയുടെ ഉപയോഗം മിതപ്പെടുത്തുന്നതിന്റെ ഭാഗമായി തീറ്റപ്പുൽകൃഷി വ്യാപനത്തിനാവശ്യമായ സഹായം നൽകി വരുന്നുണ്ടെന്നും മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അടുത്ത വർഷം മുതൽ ഒരു ലക്ഷം പശുക്കുട്ടികളെക്കൂടി സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എസ്.എൽ.ബി.പി.)/ ഗോവർദ്ധിനി പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് ആശ്വാസം നൽകുമെന്നും മന്ത്രി വ്യക്തമാക്കി. സ്വകാര്യ കാലിത്തീറ്റ കമ്പനികളുടെ ചൂഷണം തടയുന്നതിനായി പൊതുമേഖലയിൽ കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ക്ഷീരവികസന വകുപ്പിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും നിന്ന് ക്ഷീരകർഷകർക്ക് ഒരേ സമയം ധനസഹായം ലഭിക്കുന്നതിലുണ്ടായിട്ടുള്ള നിയമതടസ്സത്തിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കൂടുതൽ ഉല്പാദനശേഷിയുള്ള ബ്രീഡ് വിതരണം ചെയ്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാലിത്തീറ്റയിൽ അടങ്ങിയിട്ടുള്ള ഘടകങ്ങൾ

സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തണമെന്ന കർശന നിർദ്ദേശം കമ്പനികൾക്ക് നൽകിയിട്ടുണ്ടെന്നും ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്നും ക്ഷീരകൃഷിയെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 75% ഗവൺമെന്റ്/തദ്ദേശഭരണ സ്ഥാപന വിഹിതവും 25% കർഷക വിഹിതവുമുൾപ്പെടുത്തി ഈ സാമ്പത്തിക വർഷം ഒരു സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്നും നാടൻ പശുക്കളെ വളർത്തുന്നതിന് പ്രോത്സാഹനം നൽകുമെന്നും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 8(*62)<u>ലഹരിക്കായി മരുന്നുകൾ ദുരുപയോഗം ചെയ്യുന്ന പ്രവണത</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും, വേദന സംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളുമുൾപ്പെടെയുള്ളവ ലഹരി മരുന്നുകളായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം പ്രവണത തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുണ്ടെന്നും സഭയെ അറിയിച്ചു. 'ബട്ടൺ

മരുന്ന് എന്ന പേരിൽ വിൽപ്പന നടത്തുന്ന സ്പാസ്മോ പ്രോക്സിമോ എന്ന ഗുളികയുൾപ്പെടെയുള്ള മരുന്നുകൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്നത് തടയുന്നതിനായി നിയമം അനുശാസിക്കുന്ന രീതിയിലാണ് അവ സൂക്ഷിക്കുകയും വില്പന നടത്തുകയും ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരം ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽഷോപ്പുകളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ വിശദമായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ആരോഗ്യം, ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ പരിശോധന നടത്തിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദേശത്തുനിന്നുള്ള മയക്കുമരുന്ന് ഇറക്കുമതി തടയാൻ എക്സൈസ്, പോലീസ്, ആരോഗ്യം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും പൊതുജനങ്ങളുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നിലവിലെ അബ്കാരി ആക്റ്റിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തുമെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള ലഹരി വിരുദ്ധ

ക്ലബ്ബുകൾ ശക്തിപ്പെടുത്തുന്നതോടൊപ്പം പരാതിപ്പെട്ടി സ്ഥാപിച്ച് പ്രവർത്തനം റിവ്യൂ ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*63&78) **ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്) നൽകിയ മറുപടിയിൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് 'ഹരിതകേരളം പദ്ധതി' നടപ്പിലാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയിലൂടെ പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പുതിയ ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകിയിട്ടുണ്ടെന്നും ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ജില്ലാഭരണകൂടം മുഖേന ഏകദേശം 9453 കുളങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി തടയണകൾ, വി.സി.ബി/ആർ.സി.ബി.കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി. കടലിൽ നിന്നും നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായുള്ള പ്രവൃത്തികൾക്ക് 251.5 ലക്ഷം രൂപയുടെ ഭരണാനുമതിയും ജലസേചന/വൈദ്യുതി വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ജലസംഭരണികളിലെ

ജലം കുടിവെള്ള ആവശ്യത്തിനായി മുൻഗണന നൽകി സംഭരിച്ച് നിലനിർത്താനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ജലനിധി സ്രോതസ്സുകളിൽ ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകളിൽ ഗുണനിലവാര പരിശോധന നടത്തി ജലം ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ജല അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടെന്നും കാസർഗോഡ് പാക്കേജിൽ 2016-17 വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജലസ്രോതസ്സുകളിലെ കയ്യേറ്റങ്ങൾ റവന്യൂ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മലിനീകരണം തടയുന്നതിനായി കർശന പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും ജനങ്ങളുടെയും മേൽനോട്ടവും ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ടെന്നും ജലത്തിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി ബോധവത്കരണ പ്രചരണ പരിപാടികൾ നടത്തിവരുന്നതായും മന്ത്രി അറിയിച്ചു. ജലസംരക്ഷണം, ഭൂജല പരിപോഷണം, ശുചിത്വ പരിപാലനം എന്നീ കർമ്മ

പദ്ധതികൾ ജലനിധി രണ്ടാംഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും ശുചിത്വ പരിപാലനത്തിനായി കമ്മ്യൂണിറ്റി ടോയ്‌ലെറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ ജലനിധി പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ കർക്കശ നടപടി സ്വീകരിക്കാനുതകും വിധം നിയമഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 764 മുതൽ 1084 വരെയുള്ള ചോദ്യങ്ങളിൽ 215 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)